LIBRARY ARCHIVES Kerala Legislative Assembly

ഡി.ആർ.ഐ.പി. (ഇ.എ.പി) പദ്ധതി

146 (2701) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.ആർ.ഐ.പി. (ഇ.എ.പി) പദ്ധതിയിൻകീഴിൽ ജലസേചന വിഭാഗം ചീഫ് എഞ്ചിനീയർ ഏതെല്ലാം പരിപാടികളാണ് നടപ്പിലാക്കുന്നത് ;

(ബി) ഈ സാമ്പത്തിക വർഷം എത്ര രൂപയുടെ പ്രോജക്ടുകൾ നടപ്പിലാക്കണമെന്നാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(സി) ഈ വർഷം ഇതുവരെ എത്ര തുകയ്ക്കുള്ള പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്തെ ജലസേചന വകുപ്പിന്റെയും വൈദ്യുതി ബോർഡിന്റെയും നിയന്ത്രണത്തിലുള്ള അണക്കെട്ടുകൾ/ബാരേജുകൾ/ റെഗുലേറ്റു കൾ എന്നിവയുടെ പുനരുദ്ധാരണത്തിനും അഭിവൃദ്ധിപ്പെടുത്തലിനുമായി ലോകബാങ്ക് സഹായത്തോടെ "ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതി (DRIP)" നടപ്പിലാക്കി വരുന്നു. ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മലമ്പുഴ, വാളയാർ, പീച്ചി, നെയ്യാർ, മീങ്കര, ചുള്ളിയാർ. പോത്തുണ്ടി, കാഞ്ഞിരപ്പുഴ, വാഴാനി, കുറ്റ്യാടി, പഴശ്ശി ബാരേജ്, മൂലത്തറ റഗുലേറ്റർ, ചിമ്മിനി, പെരിയാർവാലി, മലങ്കര, കല്ലട എന്നീ പദ്ധതികളാണ് ഡ്രിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അണക്കെട്ടുകളുടെയും അനുബന്ധ ഭാഗങ്ങളുടെയും പുനരുദ്ധാരണവും ജലസേചന വകുപ്പിന്റെ കീഴിലുള്ള അണക്കെട്ട് സുരക്ഷാ വിഭാഗത്തിന്റെ ശാക്തീകരണവും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പ്രധാനമായും അണക്കെട്ടുകളുടെയും ബന്ധപ്പെട്ട സാഡിൽ ഡാമുകളുടെയും അറ്റകുറ്റ പണികളും നവീകരണ പ്രവർത്തനങ്ങളും ഷട്ടറുകളുടെയും അനുബന്ധ ഭാഗങ്ങളുടെയും അറ്റകുറ്റപ്പണികളും, നവീകരണവും അണക്കെട്ട പ്രദേശത്തെ വൈദ്യുതീകരണവും അണക്കെട്ടുകളുടെയും സംഭരണികളുടെയും ഭൂമി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളും, അണക്കെട്ടുകളുടെ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളുമാണ് ഡ്രിപ്പിൽ ഉൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിക്കുന്നത്.

(ബി) ഡ്രിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്ന മലമ്പുഴ (TS amount 8.15 കോടി രൂപ) വാളയാർ (TS amount 5.05 കോടി രൂപ) നെയ്യാർ (TS amount 5.07

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപ) പീച്ചി (TS amount 2.306 കോടി രൂപ) വാഴാനി (TS amount 2.45 കോടി രൂപ) ചുള്ളിയാർ (TS amount 4.60 കോടി രൂപ) എന്നീ അണക്കെട്ടുകളിലെ നവീകരണ പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്തു. ഇതിൽ മലമ്പുഴ അണക്കെട്ടുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും (Contract Amount 9.80 കോടി രൂപ) നവീകരണ പ്രവർത്തനങ്ങൾ നടന്നു വരികയുമാണ്. നെയ്യാർ, ചുള്ളിയാർ എന്നീ അണക്കെട്ടുകളിലെ നവീകരണ പ്രവർത്തനങ്ങളുടെ ടെണ്ടർ പരിശോധനാ നടപടികൾ നടന്നുവരികയാണ്. മറ്റ് അണക്കെട്ടുകളിലെ പ്രവർത്തികൾക്കായി പലപ്രാവശ്യം ടെണ്ടർ ചെയ്തു എങ്കിലും ഒരു പ്രതികരണവും ലഭിച്ചില്ല. വീണ്ടും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഡ്രിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ പ്രോജക്ടുകൾക്കും കൂടി ജലസേചന വകുപ്പിന് 158 കോടി രൂപയ്ക്ക് ഭരണാനുമതി (സർക്കാർ ഉത്തരവ് G.O.(Rt)നമ്പർ110/2013/WRD 6-2-2013) നൽകിയിട്ടുണ്ട്.

തേവര-പേരണ്ടൂർ കനാലിന്റെ പുനരുദ്ധാരണം

147 (2702) <u>ശ്രീ. ബെന്നി ബെഹനാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തേവര-പേരണ്ടൂർ കനാലിന്റെ പുനരുദ്ധാരണത്തിന് 900 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ജോലി എന്ന് തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) കാരണക്കോണം തോട് നന്നാക്കി നീരൊഴുക്ക് സുഗമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) നബാർഡ് xx ൽ ഈ പ്രവൃത്തി ഉൾപ്പെടുത്തുവാൻ 365 ലക്ഷം രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.